No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി /മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം (KEAM-2020) അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു.

2020 വർഷത്തെ കീം പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് **2020 ജൂൺ 22–ാം തീയതി വൈകുന്നേരം 5.00** മണി വരെ സമയം അനുവദിക്കുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്ക് വഴി അപേക്ഷകർ അവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ള അപേക്ഷകർ പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്‌ലോഡ് ചെയ്ത ഫോട്ടോഗ്രാഫ്, ഒപ്പ്, മറ്റു സർട്ടിഫിക്കറ്റുകൾ എന്നിവയിൽ അപാകതയുള്ള അപേക്ഷകരുടെയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അപാകതകൾ ഈ തീയതിയ്ക്കുള്ളിൽ പരിഹരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഇ–മെയിൽ മുഖാന്തിരമോ തപാലിലോ/ നേരിട്ടോ നൽകുന്ന സർട്ടിഫിക്കറ്റുകളോ, നിശ്ചിത തീയതി കഴിഞ്ഞ് അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ **'Candidate Portal'** ൽ നൽകിയിട്ടുള്ള **'Forgot Application Number'** എന്ന ലിങ്കിൽ നിന്ന് പേരും മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11.06.2020